A1/7784/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 20.02.2020

**പരിപത്രം**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് :ജീവനക്കാര്യം - വിവിധ സർക്കാർ കോളേജ് അധ്യാപകർക്ക മറ്റു തസ്തികകളിൽ അപേക്ഷിക്കുന്നതിനുള്ള എൻ ഓ സി അനുവദിക്കുന്നത് സംബന്ധിച്ച് .

സൂചന :- വിവിധ സർക്കാർ കോളേജ് അധ്യാപകർ സമർപ്പിച്ച എൻ ഓ സി അപേക്ഷകൾ

*********

കോളജ് വിദ്യാഭ്യാസ വകുപ്പിൽ വിവിധ സർക്കാർ കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന അധ്യാപകർ മറ്റു തസ്തികകളിൽ അപേക്ഷിക്കുന്നതിലേക്കുള്ള വകുപ്പ് തല എൻ ഓ സി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് എൻ ഓ സി ലഭിക്കേണ്ട അവസാന തീയതികളിലാണ്. ഇപ്രകാരം വൈകി ലഭിക്കുന്ന അപേക്ഷകൾ ഈ കാര്യാലയത്തിന്റെ സുഗമമായ പ്രവത്തനങ്ങളെ സാരമായി ബാധിക്കുന്നു. ആയതിനാൽ മറ്റു തസ്തികകളിൽ അപേക്ഷിക്കുന്നതിലേക്കുള്ള വകുപ്പ് തല എൻ ഓ സി ആവശ്യമായ അധ്യാപകർ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്ക് ഒരാഴ്ച മുമ്പായി ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം അപേക്ഷിക്കേണ്ടതാണെന്നും , അപേക്ഷയോടൊപ്പം നോട്ടിഫിക്കേഷൻ പകർപ്പ് കൂടെ ഉൾപ്പെടുത്തേണ്ടതാണെന്നും കർശനമായി നിർദേശിക്കുന്നു. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മേല്പറഞ്ഞ നിർദേശം അധ്യാപകർ പാലിക്കുന്നുണ്ടെന്ന് അതാതു പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതാണ്.

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 20.02.2020
Reason: Approved

ഒപ്പ്/-
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽമാർക്കും
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ , കോ വി വി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്